പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2027 17/06/2014-ൽ മറുപടിക്ക്

# വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു.എം.പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷിച്ചവരിൽ ഇനിയും എത്രപേർക്ക് കണക്ഷൻ നൽകാനുണ്ട്; ഇതിൽ ഗാർഹിക-കാർഷിക-വ്യവസായ കണക്ഷനുകൾ എത്രവീതം എന്ന് പ്രത്യേകം വ്യക്തമാക്കുമോ; | (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷിച്ചവരിൽ 1365 പേർക്ക് ഇനിയും കണക്ഷൻ നൽകാനുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ഗാർഹികം | 926 |
| കാർഷികം | 113 |
| വ്യാവസായികം | 172 |
| വാണിജ്യം | 154 |

| | |
|---|---|
| (ബി) ഇത്രയുംപേർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്നറിയിക്കുമോ; | (ബി) അപേക്ഷിച്ച എല്ലാവർക്കും ജൂലൈ 31-നകം വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ പോസ്റ്റ്, സർവ്വീസ്വയർ അടക്കമുള്ള എല്ലാതരത്തിലുള്ള ചെലവുകളും അപേക്ഷകൻ തന്നെ വഹിക്കുമ്പോഴും കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ദീർഘകാലം കാത്തിരിക്കേണ്ടി വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | (സി) സാധന സാമഗ്രികളുടെ ലഭ്യതക്കുറവു കാരണം വൈദ്യുതി കണക്ഷൻ നൽകാൻ കാലതാമസം നേരിട്ടിരുന്നു. നിലവിൽ കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ